**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1434** | **03-02-2026 - ൽ മറുപടിയ്ക്ക്**

**പി. എം. ശ്രീ. പദ്ധതി കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പി. എം. ശ്രീ. (പ്രധാനമന്ത്രി സ്കൂൾസ് ഫോർ റൈസിങ് ഇന്ത്യ) പദ്ധതിയിൽ നിന്നും സംസ്ഥാന സർക്കാർ പിന്മാറിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | പി. എം. ശ്രീ. (പ്രധാനമന്ത്രി സ്കൂൾസ് ഫോർ റൈസിങ് ഇന്ത്യ) പദ്ധതിയിൽ സംസ്ഥാനം ഒപ്പുവച്ചിട്ടുണ്ടെങ്കിലും പദ്ധതി ഇതുവരെ സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല. പി. എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി ഒരു ക്യാബിനറ്റ് സബ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ക്യാബിനറ്റ് സബ് കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ട് പരിഗണിച്ച് മാത്രമേ പി. എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കൂ എന്നും,അതുവരെ പി. എം. ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് ഒപ്പുവച്ചിട്ടുള്ള MoU ലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് മാറ്റി വച്ചിരിക്കുകയാണെന്നും അറിയിച്ച് കേന്ദ്രസർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് കേന്ദ്രസർക്കാരുമായി ധാരണ പത്രത്തിൽ ഒപ്പിട്ടിട്ടുണ്ടോ; എന്നാണ് ധാരണ പത്രം ഒപ്പിട്ടത്; ഇതിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണ്; | (ബി) | പി. എം. ശ്രീ പദ്ധതിയുടെ ധാരണാപത്രം 2025 ഒക്ടോബർ 23-ന് ഒപ്പ് വച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ചില പ്രധാന വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.<br><br>i. സംസ്ഥാനമൊട്ടാകെ ദേശീയ വിദ്യാഭ്യാസ നയത്തിലെ വ്യവസ്ഥകൾ പൂർണ്ണമായും നടപ്പിലാക്കണം.<br><br>ii. കേരളത്തിലെ നിലവിലുള്ള സ്കൂൾ വിദ്യാഭ്യാസ ഘടന 7 + 3 + 2 ആണ്. NEP 2020 നിർദ്ദേശിക്കുന്നത് 5 + 3 + 3 + 4 ആണ്. NEP സ്വീകരിക്കുമ്പോൾ പ്രീസ്കൂളിനും ഒന്നാം ക്ലാസിനും ഇടയിൽ ബാലവാടിക എന്നൊരു ക്ലാസ് കൂടെ തുടങ്ങേണ്ടതായി വരും.<br><br>iii. കേരളത്തിൽ നിലവിലെ പ്രവേശന പ്രായം 5 വയസ്സാണ്. ആയത് 6 വയസ്സായി പരിഷ്കരിക്കേണ്ടി |

| | | | |
|---|---|---|---|
| | | | വരും.<br><br>iv. സ്കൂൾ ഡ്രോപ്പ് ഔട്ട് (കൊഴിഞ്ഞുപോക്ക്) തടയാനും സാർവത്രികമായ പ്രാപ്യത ഉറപ്പുവരുത്തുവാനുമുള്ള നിർദ്ദേശങ്ങളിൽ ഔപചാരിക പഠനം നേടാൻ നിർവ്വാഹമില്ലാതെ പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികൾക്ക് Open and Distance Learning നിർദ്ദേശിക്കുന്നു.<br><br>v. സംസ്കൃതത്തിനെ ത്രിഭാഷാ പദ്ധതിയിൽ ഒരു ഓപ്ഷനായി നിലനിർത്തുവാനും സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും പഠിപ്പിക്കുവാനും നിർദ്ദേശിക്കുന്നു.<br><br>vi. പ്രവേശന പരീക്ഷകൾക്ക് ഏകീകൃത മൂല്യനിർണ്ണയ സമ്പ്രദായം വേണമെന്നും നിർദ്ദേശിക്കുന്നു.<br><br>vii. പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകൾക്ക് പേരിന് മുന്നിൽ പി. എം. ശ്രീ എന്ന് ചേർക്കണം.<br><br>viii. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള പദ്ധതി കാലയളവ് കഴിഞ്ഞാൽ പി.എം.ശ്രീ സ്കൂളുകളുടെ നടത്തിപ്പ് പൂർണ്ണമായും അതത് സംസ്ഥാനങ്ങൾ ഏറ്റെടുക്കണം. |
| (സി) | കരാർ റദ്ദാക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കരാറിൽ നിന്നും പിന്മാറുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | കരാർ റദ്ദാക്കുന്നത് സംബന്ധിച്ച് MoU ലെ വ്യവസ്ഥ ഇപ്രകാരമാണ്.<br><br>(xxv) DOSE&L, MOE, Gol reserves the right to rescind, cancel, terminate the agreement in the interest of public by giving a notice of 30 days.<br><br>പി. എം. ശ്രീ. (പ്രധാനമന്ത്രി സ്കൂൾസ് ഫോർ റൈസിങ് ഇന്ത്യ) പദ്ധതിയിൽ സംസ്ഥാനം ഒപ്പുവച്ചിട്ടുണ്ടെങ്കിലും പദ്ധതി ഇതുവരെ സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ